Construction of houses in the Kaduppasseri Colony.

115. മിസ്റ്റർ കെ. പി. വള്ളോൻ.—കടുപ്പശ്ശേരി അധഃകൃത കോളനിയിൽ ഗവമ്മെണ്ടിൽ നിന്നും എത്ര വീടുകൾ വെച്ചു കെട്ടീട്ടുണ്ടു്; ടി വീടുകൾക്കു് ഓരോന്നിന്നും എത്ര ഉറുപ്പിക വീതം ചിലവായിട്ടുണ്ടു്; ടി കൺട്രാക്ടു് ആരെയാണു് ഏല്പിച്ചിരുന്നതു്; ഏല്പിച്ചയാൾ അധഃകൃതർക്കു് എത്ര വീതം കൊടുത്തു എന്നൊരന്വേഷണം നടത്തി മറുപടി പറയുമൊ?

രാമവമ്മതമ്പുരാൻ.—കടുപ്പശ്ശേരി കോളനിയിൽ 40 മാടങ്ങൾ വെച്ചുകെട്ടീട്ടുണ്ടു്. അതു വെച്ചുകെട്ടിയതു് അതിൽ പാർക്കുന്ന പുലയരും പറയരുമാണു്. അവർക്കു് ഓരോ മാടത്തിന്നു് ക വീതം അനുവദിച്ചു. കൺട്രാക്ടു് ആർക്കും കൊടുത്തിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിൽ പറഞ്ഞിരിയ്ക്കുന്ന മറുപടി ശരിയല്ല. ഞാൻ ആ സ്ഥലത്തു ചെന്നന്വേഷിച്ചതിൽ വീടു വച്ചുകെട്ടുവാൻ ചിലർക്കു് അഞ്ചു രൂപാ, ചിലർക്കു് പത്തു രൂപാ ഇങ്ങിനെ കൊടുത്തിട്ടുണ്ടെന്നറിയുന്നു. ഈ മൂന്നു രൂപാ വീതം അനുവദിച്ചിട്ടുള്ളതിനെ പറ്റി ഗവമ്മെണ്ടു് ശരിയായ ഒരന്വേഷണം നടത്തിയാൽ അധഃകൃതർക്കു അനുവദിച്ചിട്ടുള്ള പണം അവർക്കു വേണ്ടി തന്നെ ചിലവാക്കുവാൻ സാധിയ്ക്കും.

രാമവമ്മതമ്പുരാൻ.—സംരക്ഷകന്റെ റിപ്പോർട്ടിൽ നൂറു രൂപാ വീതം കൊടുത്തുവെന്നാണു് കാണുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിനെ സംബന്ധിച്ചു വേറെ ആളെ കൊണ്ടു അന്വേഷിപ്പിച്ചുകൂടെ?

രാമവമ്മതമ്പുരാൻ.—വേണ്ടിവന്നിട്ടില്ല. വേണ്ടിവന്നാൽ അന്വേഷിക്കും.

മിസ്റ്റർ കെ. ടി. മാത്യു.—അധഃകൃതസംരക്ഷകനെ സംബന്ധിച്ചു ആക്ഷേപങ്ങൾ അദ്ദേഹത്തെ കൊണ്ടാണൊ അന്വേഷിപ്പിയ്ക്കുന്നതു്?

രാമവമ്മതമ്പുരാൻ.—വേണ്ടിവന്നാൽ മാത്രമെ വേറെ ആളെക്കൊണ്ടു് അന്വേഷിപ്പിയ്ക്കേണ്ട ആവശ്യമുള്ളു.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഇതിനുമുമ്പു പലപ്പോഴും അധഃകൃതസംരക്ഷകനെ കുറിച്ചുണ്ടായിട്ടുള്ള ആക്ഷേപങ്ങൾ വേറെ ആരെക്കൊണ്ടെങ്കിലും അന്വേഷിപ്പിച്ചിട്ടുണ്ടൊ?

രാമവമ്മതമ്പുരാൻ.—വേണ്ടിവന്നിട്ടില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഇതു ഗവമ്മെണ്ടിൽ നിന്നും പ്രത്യേകം ഓർമ്മിച്ചിരിയ്ക്കേണ്ട സംഗതിയാണു്.

Levy of batta, etc., on tax on fishing stakes.

116. മിസ്റ്റർ കെ. പി. വള്ളോൻ.—കുമ്പളം, മരട എന്നീ വില്ലേജുകളിലെ സാധുക്കളായ വാലന്മാരിൽ നിന്നും ഉറുപ്പിയു

LIBRARY ARCHIVES Kerala Legislative Assembly